# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191 — 08.03.2017-ൽ മറുപടിക്ക്

## ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.എസ്. ശിവകുമാർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് വിവിധ മേഖലകളിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത കർമ്മ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഇതിനായുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായി എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ? | ബി) കേന്ദ്ര സർക്കാർ സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് പദ്ധതികൾ അനുവദിച്ചു വരുന്നത്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന മൂന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.<br><br>1. ഇക്കോ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി യുടെ വികസനം. |

2. സ്പിരിച്ചൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശബരിമലയുടെ വികസനം (എരുമേലി-പമ്പ-സന്നിധാനം)

3. സ്പിരിച്ചൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി ശ്രീ പത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്ര പരിസര വികസനം.

കൂടാതെ, ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് ആരംഭിച്ച പദ്ധതിയായ "പ്രസാദ്" സ്കീമിൽ ഇന്ത്യയിലെ തീർത്ഥാടന കേന്ദ്രങ്ങൾ തിരഞ്ഞെടുത്തതിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആഭ്യന്തര-വിദേശ ടൂറിസ്റ്റുകൾക്ക് സൗകര്യം ഒരുക്കി അതുവഴിയുള്ള സാമ്പത്തിക നേട്ടം പരമാവധി ലഭ്യമാക്കി സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം

## ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കർമ്മ പദ്ധതികൾ

1. ടൂറിസം വികസനം സംബന്ധിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാനത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് 139 ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇതുമായി ബന്ധപ്പെട്ട് ടൂറിസം സീസണെ വരവേൽക്കാനായി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകിക്കൊണ്ട് ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വദേശ് ദർശനിൽ ഉൾപ്പെടുത്തി മൂന്ന് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭഘട്ടം ആരംഭിച്ചു കഴിഞ്ഞു. ഇതോടൊപ്പം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി പ്രധാന തീർത്ഥാടന ടൂറിസം കേന്ദ്രമായ ഗുരുവായൂരിന്റെ സമഗ്രവികസനം ലക്ഷ്യമാക്കുന്നതിനായുള്ള പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

3. കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി ഏഴ് ടൂറിസം പദ്ധതികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

5. ടൂറിസം മേഖലയുടെ അടുത്ത ഘട്ടത്തിന്റെ വികസനം ലക്ഷ്യമാക്കി പുതിയ ഉൽപ്പന്നങ്ങൾ, പുതിയ വിപണികൾ, പുതിയ പ്രചരണ തന്ത്രങ്ങൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

6. നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ നടപ്പിലാക്കി വരുന്നു.

7. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിലെ തലശ്ശേരി ഉൾപ്പെടുന്ന ചരിത്രപ്രധാന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവ ബന്ധപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനും, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിനായി ഒരു സ്പെഷ്യൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ച നടത്തി

വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനും വകുപ്പ് ഒരു പ്രഫഷണൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തലശ്ശേരി ഹെറിറ്റേജ് പ്രോജക്റ്റിന്റെ നിർവ്വഹണ പുരോഗതിക്കായി സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

8. ടൂറിസം മേഖലയുടെ അവിഭാജ്യ ഘടകമായ ഹോസ്പിറ്റാലിറ്റിയുടെ ഗുണനിലവാരവും ഉന്നമനവും മുന്നിൽക്കണ്ടും, വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകൾ മുതലെടുക്കാനുമായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് എന്നീ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

9. ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്.

10. ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തര വാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

11. മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വകുപ്പിനു കീഴിൽ വരുന്ന അതിഥി മന്ദിരങ്ങളുടെ നവീകരണവും ആധുനികവത്കരിക്കലും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.